# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 23.06.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പതിനെട്ടാം ലോക് സഭയുടെ ആദ്യ സമ്മേളനത്തിന് നാളെ തുടക്കമാകും. സ്പീക്കർ തിരഞ്ഞെടുപ്പ് ബുധനാഴ്ച നടക്കും.

   **The first session of the 18th Lok Sabha will begin tomorrow. Speaker election will be held on Wednesday.**

2. വിവിധ മേഖലകളിലെ സഹകരണം ഇന്ത്യ-ബംഗ്ലാദേശ് ബന്ധത്തിൻറെ ഭാവി നിർണ്ണയിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu said that cooperation in various fields will determine the future of India-Bangladesh relations.**

3. ഇന്ന് നടത്താനിരുന്ന നീറ്റ്-പിജി പ്രവേശന പരീക്ഷ മാറ്റിവച്ചു. നീറ്റ്-യുജി പരീക്ഷയിലെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് വിദ്യാഭ്യാസ മന്ത്രാലയം സിബിഐയെ നിയോഗിച്ചു.

   **The NEET-PG entrance exam scheduled to be held today has been postponed. The Ministry of Education has appointed the CBI to investigate irregularities in the NEET-UG examination.**

4. അഖിലേന്ത്യാ തലത്തിൽ ബയോമെട്രിക് അധിഷ്ഠിത ആധാർ ഓതെന്റിക്കേഷൻ നടപ്പിലാക്കുമെന്ന് കേന്ദ്രമന്ത്രി നിർമല സീതാരാമൻ.

   **Union Minister Nirmala Sitharaman said biometric based Aadhaar authentication will be implemented on an all India level.**

5. കേരള മന്ത്രിസഭയിലെ പുതിയ അംഗമായി ഒ ആർ കേളു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

   **OR Kelu will be sworn in as the new member of the Kerala Cabinet today.**

6. ടി20 ലോകകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യക്ക് 50 റൺസ് വിജയം.

India won by 50 runs against Bangladesh in T20 World Cup cricket.

*******************************************

# HEADLINE-1
## PARLIAMENT SESSION

പതിനെട്ടാം ലോക് സഭയുടെ ആദ്യ സമ്മേളനത്തിന് നാളെ തുടക്കമാകും. ലോക് സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞക്ക് നേതൃത്വം നൽകുന്ന പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബ്, സഭാംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും. സ്പീക്കർ തിരഞ്ഞെടുപ്പ് ബുധനാഴ്ച നടക്കും. വ്യാഴാഴ്ച്ച രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും. രാജ്യസഭാ സമ്മേളനവും വ്യാഴാഴ്ച്ചയാണ് ആരംഭിക്കുക. അടുത്ത മാസം മൂന്ന് വരെയാണ് പാർലമെന്റ് സമ്മേളനം.

*****************************************

# HEADLINE-2
## NEW PREZ- HASINA MEET

1971ലെ ബംഗ്ലാദേശ് വിമോചനയുദ്ധത്തിന്റെ യാത്രയിൽ ആരംഭിച്ച സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും ശാശ്വത മനോഭാവമാണ് ബംഗ്ലാദേശിന്റെ സഹകരണം പ്രതിഫലിപ്പിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. വിവിധ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയും ബംഗ്ലാദേശും അതിവേഗം മുന്നേറുകയാണെന്നും പുതിയ മേഖലകളിലേക്ക് ചുവടുവയ്ക്കുന്നതായും ഇത് ഇന്ത്യ-ബംഗ്ലാദേശ് ബന്ധത്തിന്റെ ഭാവി ഗതി നിർണ്ണയിക്കുമെന്നും രാഷ്ട്രപതി വ്യക്തമാക്കി. സാമ്പത്തിക ബന്ധങ്ങൾ, വികസന

പങ്കാളിത്തം, പ്രതിരോധ സഹകരണം, ഊർജ്ജ സുരക്ഷ, കണക്റ്റിവിറ്റി എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ബന്ധം മെച്ചപ്പെടുത്തുന്നതിന് യോജിച്ച് പ്രവർത്തിക്കാനും ഇരു നേതാക്കളും സമ്മതിച്ചു. വിവിധ വിഷയങ്ങളിലുള്ള കാഴ്ചപ്പാടുകൾ പങ്കുവെച്ചതിലൂടെ ഇരുരാജ്യങ്ങളും ആഴമേറിയ ചരിത്രബന്ധത്തിന് അടിവരയിടുകയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. ഇന്നലെയാണ് ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ന്യൂഡൽഹിയിലെത്തി രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരെ സന്ദർശിച്ചത്.

****************************************

## HEADLINE-4

## GST COUNCIL MEETING (INTRO)

അഖിലേന്ത്യാ തലത്തിൽ ബയോമെട്രിക് അധിഷ്ഠിത ആധാർ ഓതെന്റിക്കേഷൻ നടപ്പിലാക്കുമെന്നും, വ്യാജ ഇൻവോയിസുകളിലൂടെയുള്ള തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിമുകൾ തടയാൻ ഇത് സഹായിക്കുമെന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ജി എസ് ടി കൗൺസിലിൻറെ അൻപത്തിമൂന്നാം യോഗത്തിന് ശേഷം ന്യൂ ഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

**വിശദാംശങ്ങളിലേക്ക്....**

(വോയിസ്)

*സ്റ്റീൽ, ഇരുമ്പ്, അലുമിനിയം പാൽ ക്യാനുകൾക്ക് ചരക്കു സേവന നികുതി നിരക്ക് ഏകീകൃതമായി 12 ശതമാനം ആക്കും. പ്ലാറ്റ് ഫോം ടിക്കറ്റ്, റിട്ടയറിങ് റൂം, വെയ്റ്റിങ് റൂം, ബാറ്ററി കാറുകൾ എന്നിങ്ങനെ സാധാരണക്കാർക്ക് ഇന്ത്യൻ റയിൽവേ നൽകുന്ന വിവിധ സേവനങ്ങൾക്ക് ജി എസ് ടി ഉണ്ടാകില്ല. കാർട്ടൻ പെട്ടികളുടെ നികുതി പന്ത്രണ്ട് ശതമാനമാക്കി*

*നിശ്ചയിച്ചത്, ഹിമാചൽ പ്രദേശിൽ നിന്നുള്ള ആപ്പിൾ കർഷകരെ സഹായിക്കുമെന്നും ശ്രീമതി നിർമല സീതാരാമൻ വ്യക്തമാക്കി. ചെറുകിട നികുതിദായകരെ സഹായിക്കുന്നതിനായി, ജിഎസ്ടിആർ-4 ഫോമിൽ റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ജൂൺ 30 വരെ നീട്ടാൻ സമിതി ശുപാർശ ചെയ്തു. വഞ്ചന, തെറ്റിദ്ധരിപ്പിക്കൽ എന്നിവ ഉൾപ്പെടാത്ത കേസുകളിൽ, ജിഎസ്ടി നിയമത്തിലെ സെക്ഷൻ 73 പ്രകാരം നൽകിയിട്ടുള്ള ഡിമാൻഡ് നോട്ടീസുകൾക്ക് പലിശയും പിഴയും ഒഴിവാക്കും. 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ നൽകിയ നോട്ടീസുകൾക്കാണ് ഇളവ്. ജിഎസ്ടി അപ്പീൽ ട്രിബ്യൂണൽ, ഹൈക്കോടതി, സുപ്രീം കോടതി എന്നിവിടങ്ങളിൽ ജി എസ് ടി വകുപ്പ് സമർപ്പിക്കുന്ന അപ്പീലുകൾക്ക് മാനദണ്ഡങ്ങൾ സമിതി ശുപാർശ ചെയ്തു. സർക്കാർ വ്യവഹാരങ്ങൾ കുറയ്ക്കുന്നത് ലക്ഷ്യമിട്ടാണ് നടപടി. അപ്പീൽ അതോറിറ്റിക്ക് മുമ്പാകെ, അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള പരമാവധി പ്രീ-ഡെപ്പോസിറ്റ് തുക CGST, SGST എന്നിവയിൽ 25 കോടി രൂപയിൽ നിന്ന് 20 കോടി രൂപ ആയി കുറയ്ക്കാനും ജി എസ് ടി കൗൺസിൽ ശുപാർശ ചെയ്തു.*

*ന്യൂസ് ഡെസ്ക്, ആകാശവാണി...*

*****************************************

## HEADLINE-3
## NEET PG

ഇന്ന് നടത്താനിരുന്ന നീറ്റ്-പിജി പ്രവേശന പരീക്ഷ മാറ്റിവച്ചു. പരീക്ഷയുടെ പുതുക്കിയ തീയതി പിന്നീട് പ്രഖ്യാപിക്കും. പരീക്ഷകളുടെ സുതാര്യത സംബന്ധിച്ച് ഉയർന്നുവരുന്ന ആരോപണങ്ങൾ കണക്കിലെടുത്താണ് തീരുമാനമെന്ന് ആരോഗ്യമന്ത്രാലയം അറിയിച്ചു. നീറ്റ്-പിജി പ്രവേശന പരീക്ഷാപ്രക്രിയകൾ സമഗ്രമായി വിലയിരുത്താൻ

തീരുമാനിച്ചതായും മന്ത്രാലയം വ്യക്തമാക്കി. അതേസമയം, 2024ലെ നീറ്റ് -യുജി പരീക്ഷയിലെ ക്രമക്കേടുകൾ സമഗ്രമായി അന്വേഷിക്കുന്നതിന് വിദ്യാഭ്യാസ മന്ത്രാലയം സിബിഐയെ നിയോഗിച്ചു. പരീക്ഷകളുടെ പവിത്രത ഉറപ്പാക്കാനും വിദ്യാർത്ഥികളുടെ താൽപര്യം സംരക്ഷിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രാലയം അറിയിച്ചു. പരീക്ഷാ ക്രമക്കേടിൽ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ ഉൾപ്പെട്ടതായി കണ്ടെത്തിയാൽ കർശന നടപടി നേരിടേണ്ടിവരുമെന്നും മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. പൊതുപരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനായി 2024-ലെ പൊതുപരീക്ഷ ക്രമക്കേടുകൾ തടയൽ നിയമവും കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുണ്ട്. നാഷണൽ ടെസ്റ്റിംഗ് ഏജൻസി കഴിഞ്ഞ മാസം അഞ്ചിന് നടത്തിയ നീറ്റ് - യുജി പരീക്ഷയിൽ നിരവധി ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിരുന്നു.

****************************************

## NTA DG

പരീക്ഷാവിവാദങ്ങൾക്കിടെ നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഡയറക്ടർ ജനറൽ സുബോധ് കുമാർ സിങ്ങിനെ തൽസ്ഥാനത്ത് നിന്ന് നീക്കി. ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ ചെയർമാനും എംഡിയുമായ പ്രദീപ് സിംഗ് ഖരോലയ്ക്കാണ് എൻടിഎ ഡയറക്ടർ ജനറലിന്റെ അധിക ചുമതല.

****************************************

## NEET ARREST

അതിനിടെ, നീറ്റ് (യുജി) പരീക്ഷയിൽ ക്രമക്കേട് നടത്തിയെന്നാരോപിച്ച് ജാർഖണ്ഡിലെ ദിയോഘർ ജില്ലയിൽ നിന്ന് ആറ് പേരെ ബീഹാർ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ദേവിപൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ എയിംസ്-ദിയോഗറിന്

സമീപമുള്ള വാടക വീട്ടിൽ നിന്നാണ് പ്രതികളെ പിടികൂടിയതെന്ന് അധികൃതർ അറിയിച്ചു. പ്രതികളെ കസ്റ്റഡിയിലെടുത്ത് ബിഹാറിലേക്ക് കൊണ്ടുപോയി. ബിഹാർ പോലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗമാണ് കേസ് അന്വേഷിക്കുന്നത്.

***************************************

## NTA - COMMITTEE

നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പരീക്ഷകൾ സുതാര്യവും സത്യസന്ധവും തടസ്സരഹിതവുമായി നടപ്പാക്കുന്നു എന്ന് ഉറപ്പാക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. കെ രാധാകൃഷ്ണനാണ് ഏഴംഗ സമിതിക്ക് നേതൃത്വം നൽകുന്നത്. പരീക്ഷകളുടെ സുതാര്യത വർധിപ്പിക്കുകയും ഡാറ്റ സുരക്ഷ വർധിപ്പിക്കുകയും ഏജൻസിയുടെ നടത്തിപ്പ് വിലയിരുത്തുകയും ചെയ്യുന്നതിനാണ് സമിതി രൂപീകരിച്ചിരിക്കുന്നത്. നിലവിലെ നടപടികൾ പരിശോധിച്ച് ഏജൻസിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ പാനൽ മുന്നോട്ട് വയ്ക്കും. റിപ്പോർട്ട് സമർപ്പിക്കുന്നതിന് രണ്ട് മാസം സമയമാണ് നൽകിയിട്ടുള്ളത്.

***************************************

## BIS - EV

ഇലക്ട്രിക്ക് വാഹനങ്ങളുടെ സുരക്ഷ മുൻനിർത്തി, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, പുതിയ രണ്ട് മാനദണ്ഡങ്ങൾ അവതരിപ്പിച്ചു. സുരക്ഷ, ബാറ്ററികളുടെ പ്രവർത്തനക്ഷമത എന്നിവക്ക് മുൻഗണന നൽകുന്നതാണ് പുതിയ മാനദണ്ഡങ്ങൾ. ഇതോടെ ഇലക്ട്രിക്ക് വാഹനങ്ങൾ, അനുബന്ധ ഘടകങ്ങൾ, ചാർജിങ് സംവിധാനങ്ങൾ

എന്നിവയുമായി ബന്ധപ്പെട്ട ബി ഐ എസ് സ്റ്റാൻഡേർഡുകളുടെ എണ്ണം മുപ്പതായി ഉയർന്നു.

****************************************

## HM - FLOOD MEETING

രാജ്യത്ത് വെള്ളപ്പൊക്കങ്ങൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് അവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നത തല യോഗം ചേരും. ഇന്ന് ന്യൂ ഡൽഹിയിലാണ് യോഗം.

****************************************

## HEADLINE-5

## O R KELU - OATH

കേരള മന്ത്രിസഭയിൽ പട്ടികജാതി പട്ടികവർഗക്ഷേമ മന്ത്രിയായി മാനന്തവാടി എംഎൽഎ ഒ ആർ കേളു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. വൈകിട്ട് രാജ്ഭവനിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. മുൻ മന്ത്രി കെ രാധാകൃഷ്ണൻ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനാൽ രാജി സമർപ്പിച്ചിരുന്നു. ഇതിനെ തുടർന്നാണ് ഒ ആർ കേളു മന്ത്രിസഭയിലേക്ക് എത്തുന്നത്.

****************************************

## HEADLINE-6

## T 20 WORLD CUP

ഐസിസി പുരുഷ ടി20 ലോകകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യക്ക് 50 റൺസ് വിജയം. ഇന്നലെ രാത്രി ആന്റിഗ്വയിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത

ഇന്ത്യ 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 196 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ ബംഗ്ലാദേശിന് 20 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 146 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. വിജയത്തോടെ ഇന്ത്യ സെമിഫൈനൽ സാധ്യത സജീവമാക്കി. സൂപ്പർ എട്ടിലെ തുടർച്ചയായ രണ്ടാം തോൽവിയോടെ ബംഗ്ലാദേശ് ടൂർണമെന്റിൽ നിന്ന് പുറത്തായി. ഗ്രൂപ്പ് ഒന്നിൽ, ഇന്ന് കിംഗ്സ് ടൗണിൽ നടക്കുന്ന മത്സരത്തിൽ അഫ്ഗാനിസ്ഥാനെതിരെ ടോസ് നേടിയ ഓസ്ട്രേലിയ ഫീൽഡിംഗ് തെരഞ്ഞെടുത്തു.

****************************************

## CRIMINAL LAWS – 8.15 PM

രാജ്യത്ത് പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരികയാണ്. ഇതേക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച ഇന്ന് രാത്രി 8:15ന് പ്രക്ഷേപണം ചെയ്യും.

****************************************

## BARAMULLA MP-NIA

ബാരാമുള്ളയിൽ നിന്ന് ലോക് സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട റാഷിദ് എഞ്ചിനീയറുടെ ജാമ്യാപേക്ഷയിൽ മറുപടി സമർപ്പിക്കാൻ ദേശീയ അന്വേഷണ ഏജൻസിക്ക്, ഡൽഹിയിലെ പട്യാല ഹൌസ് കോടതി സമയം അനുവദിച്ചു. ജൂലൈ ഒന്ന് വരെയാണ് സമയം നൽകിയത്. നിലവിൽ എൻ ഐ എ കസ്റ്റഡിയിലാണ് റാഷിദ് എഞ്ചിനീയർ. ലോക് സഭാംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് ജാമ്യം നൽകണമെന്നായിരുന്നു അദ്ദേഹത്തിൻറെ അപേക്ഷ. എന്നാൽ ഇത് സംബന്ധിച്ച് പാർലമെന്റ് അധികൃതർ, ജയിൽ ഉദ്യോഗസ്ഥർ എന്നിവരുമായി ബന്ധപ്പെട്ടു വരികയാണെന്ന് എൻ ഐ എ കോടതിയെ അറിയിച്ചു. ഇതേ തുടർന്ന്

ഏജൻസിക്ക് മറുപടി സമർപ്പിക്കാനും വാദം കേൾക്കാനുമായി കേസ് ജൂലൈ ഒന്നിലേക്ക് മാറ്റി.

****************************************

## REV IMD WEATHER

കേരളത്തിൽ ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതി തീവ്ര മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു.

****************************************

## RAJNATH-LUCKNOW

രാജ്യത്ത് ജനാധിപത്യം അനുദിനം ശക്തിപ്പെട്ടുവരികയാണെന്നും ജനാധിപത്യത്തിൻറെ അടിസ്ഥാനത്തിൽ ഇന്ത്യ ലോകത്ത് പ്രത്യേക സ്ഥാനം നേടിയിട്ടുണ്ടെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. തൻ്റെ പാർലമെന്റ് മണ്ഡലമായ ലഖ്നൗവിൽ സംഘടിപ്പിച്ച തൊഴിലാളി അനുമോദന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ശ്രീ രാജ് നാഥ് സിംഗ്. കഴിഞ്ഞ 10 വർഷത്തിനിടയിൽ, അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ ഔന്നത്യം വർധിച്ചുവെന്നും എല്ലാ രാജ്യങ്ങളും ഇന്ത്യയെ ശ്രദ്ധയോടെ വീക്ഷിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

****************************************

## MILITARY- MOU

കേന്ദ്രസേനയ്ക്കായുള്ള നെക്സ്റ്റ് ജനറേഷൻ വയർലെസ് ടെക്നോളജീസ് സഹകരണം മെച്ചപ്പെടുത്താൻ മിലിട്ടറി കോളേജ് ഓഫ് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗും, കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി

മന്ത്രാലയത്തിന് കീഴിലുള്ള സൊസൈറ്റി ഫോർ അപ്ലൈഡ് മൈക്രോവേവ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ആൻഡ് റിസർച്ചും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

*

***********************

**********************************************************